Line boats from Cochin to Kottapuram.

88. **Mr. A. K. Kunhi Moideen.**—With reference to the answer to question No. 335 of the legislative session, 1105.—

ഉത്തരം നല്കുന്നതിനു മുമ്പായി ലയിൻ ബോട്ടുകളുടെ ഉടമസ്ഥന്മാരോടൊ യാത്രക്കാരോടൊ അനേഷിച്ചിട്ടുണ്ടൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ അയച്ചു അനേഷണം നടത്തിയിട്ടാണു് മേൽപറഞ്ഞ ഉത്തരം എഴുതിയിരിക്കുന്നതു്. ചാലിനു താഴ്ചയില്ലെന്നുള്ള ആക്ഷേപം ലയിൻബോട്ടുടമസ്ഥന്മാരിൽ നിന്നു ഇതുവരെ കിട്ടിയതായി ഓർക്കുന്നില്ല.

Prevention of Epidemics.

89. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മേടം സമ്മേളനത്തിലെ വാഗ്ദാനമനുസരിച്ചു പകർച്ച വ്യാധിയെ തടുക്കുവാൻ കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും എന്തെല്ലാം ചെയ്തിട്ടുണ്ടെന്നും സ്പെഷ്യൽ ഡ്യൂട്ടിയിൽ ആരെയെല്ലാം നിയമിച്ചുവെന്നും അവരുടെപ്രവൃത്തികളുടെ ഫലം എന്തെന്നും വിശദമായി പ്രസ്താവിക്കുമൊ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വാഗീസ്സ്.—കൊടുങ്ങല്ലൂർക്കു തനിച്ചു ഒരു കൂടുതൽ വാക്സിനേറ്ററെ നിയമിച്ചു. കൂടാതെ പള്ളിരുത്തി, പള്ളിപ്പുറം, കൊടുങ്ങല്ലൂർ മുതലായസ്ഥലങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്യുന്നതിനു് ഒരു സബ്ബ് അസിസ്റ്റണ്ടു് സർജനേയും നിയമിച്ചു. അവരുടെ പ്രവൃത്തികളുടെ ഫലമായിട്ടാണു് പകർച്ചവ്യാധികൾ മിക്കവാറും ശമനം വന്നിട്ടുള്ളതെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

Arrappu Thodu.

90. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—(a) അറപ്പുതോടിന്റെ ഭയങ്കരവും നിരുപയോഗവുമായ സ്ഥിതിയെ ചൂണ്ടിക്കാണിച്ചു ഫെബ്രുവരി മാസത്തിൽ കൊടുങ്ങല്ലൂർ മെമ്പർ ദിവാൻജി അവർകൾക്കും ചീഫ് എഞ്ചിനീയർ അവർകൾക്കും അയച്ചു കത്തുകൾ കിട്ടീട്ടുണ്ടൊ;

(b) അതിന്മേൽ എന്തു നടപടികൾ നടത്തീട്ടുണ്ടു്;

(c) ബ്ലാങ്ങാച്ചാൽ തോടു വിസ്താരപ്പെടുത്തി വെട്ടി നന്നാക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടൊ;

(d) അറപ്പുതോടിന്റെ ഭയങ്കരമായ സ്ഥിതിയെക്കുറിച്ചും മറ്റും ചീഫ് എഞ്ചിനീയർ അവർകൾക്കും ഗവർമ്മെണ്ടിനും കിട്ടീട്ടുള്ള റിപ്പോർട്ടുകളുടേയും നിവേദനങ്ങളുടേയും പകർപ്പുകൾ മേശപ്പുറത്തുവെക്കുമൊ;

(e) ബ്ലാങ്ങാച്ചാൽ തോടിനു് സ്ഥലം അക്വയർചെയ്യാൻ വേണ്ട അളവുകൾ എടുത്തു റിപ്പോർട്ടുചെയ്യാൻ കല്പിച്ചു് സ്ഥലം ഓവർസിയ്ക്കു കല്പന അയച്ചിട്ടുണ്ടെങ്കിൽ അതു് എപ്പോൾ;

LIBRARY ARCHIVES Kerala Legislative Assembly

(f) ഓവർസീയർ കല്പന അനുസരിച്ചു റിപ്പോർട്ട് എപ്പോൾ അയച്ചു; താമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിനു കാരണമെന്തു്:

(g) ഓവർസീയരോടു സമാധാനം ചോദിക്കുകയുണ്ടായോ;

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഉണ്ടു്.

(b) ബ്ലാങ്ങാച്ചാൽ ഗതാഗതത്തിനു സൌകര്യപ്പെടുത്തുവാൻ സ്ഥലങ്ങൾ അകപ്പെയർ ചെയ്യുന്നതിലേക്കു നടപടി നടത്തുന്നുണ്ടു്.

അഴീക്കോടു—കാരറോഡിൽ കല്ലുവിരിക്കുവാൻ കൺട്രാക്ടു് ഏല്പിച്ചു കഴിഞ്ഞിരിക്കുന്നു.

(c) അറ്റകുറ്റത്തോടു ഉപയോഗിക്കണമെങ്കിൽ ബ്ലാങ്ങാച്ചാലിൽകൂടെ ഗതാഗതം ചെയ്യുകയായിരിക്കും നല്ലതു്.

(d) (a) യിൽ പറഞ്ഞിരിക്കുന്ന ഹർജികൾ മാത്രമേ കിട്ടീട്ടുള്ളൂ. അതുകൊണ്ടു് അവയുടെ പകർപ്പു മേശപ്പുറത്തു വെയ്ക്കുവാൻ ആവശ്യം കാണുന്നില്ല.

(e) അസിസ്റ്റാൻറു് എഞ്ചിനീയർക്കു [illegible] യിൽ കല്പന അയച്ചിട്ടുണ്ടു്.

(f) & (g) അസിസ്റ്റാൻറു് എഞ്ചിനീയർ റിപ്പോർട്ടു് അയച്ചിട്ടില്ല. അദ്ദേഹത്തെ രണ്ടുപ്രാവശ്യം ഓർമ്മപ്പെടുത്തീട്ടുള്ളതല്ലാതെ സമാധാനം ചോദിച്ചിട്ടില്ല.

APPENDIX I.

(Vide answer to Question No. 80.)

True copy of the Sub-Committee's report.

We do not think that there is scope in the Cochin State for a separate Irrigation Department, but at the same time, we would urge the retention permanently, of the separate Irrigation Investigation Section now working in the Public Works Department.

Irrigation schemes proposed by that Section, should, if of considerable magnitude, be always got scrutinised by an independent expert of acknowledged ability in the line. Such approved schemes may be got executed under the direction of the State Public Works Department and the Expert who scrutinised the scheme may, if necessary, be asked to visit the work in progress in its several stages according to requirements. We are of opinion that this arrangement will ensure our obtaining the best technical advice in connection with the projects.

LIBRARY ARCHIVES Kerala Legislative Assembly